(സി) ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

**206 (2415)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ കുറയ്ക്കുവാനോ, പരിമിതപ്പെടുത്തുവാനോ ആലോചിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ അതേപടി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിൽ നിന്നും 1-12-2014 മുതൽ എം.ഫിൽ, പി.എച്ച്.ഡി. ഒന്നാം വർഷം, പി.എച്ച്.ഡി. രണ്ടാം വർഷം വിദ്യാർത്ഥികൾക്ക് 18,750 രൂപ പ്രതിമാസ ഫെലോഷിപ്പും, 7500 രൂപ കണ്ടിജന്റ് ഗ്രാന്റും 250 രൂപ എച്ച്.ആർ.എ. യും നൽകി വരുന്നു. പി.എച്ച്.ഡി. മൂന്നാം വർഷം, പി.എച്ച്.ഡി. നാലാം വർഷം, പി.എച്ച്.ഡി. അഞ്ചാം വർഷം വിദ്യാർത്ഥികൾക്ക് 21,000 രൂപ പ്രതിമാസ ഫെലോഷിപ്പും 15,375 രൂപ കണ്ടിജന്റ് ഗ്രാന്റും 250 രൂപ എച്ച്.ആർ.എ. യും നൽകി വരുന്നു. കൂടാതെ പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകി വരുന്നുണ്ട്.

എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകളിൽ യു.ജി.സി./ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും പട്ടികവർഗ്ഗ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) യു.ജി.സി. യുടെ മാനദണ്ഡമനുസരിച്ചാണ് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നത്.

**പട്ടികജാതി വികസന ഫണ്ട് - ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

**207 (2416)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: .

പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കോർപ്പസ് ഫണ്ട് വിനിയോഗം**

**208 (2417)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ കോർപ്പസ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ തീരുമാനിച്ചതും ഇനിയും തുടങ്ങിയിട്ടില്ലാത്തതുമായ പദ്ധതികളുടെ പേരുകൾ ജില്ല തിരിച്ച് നൽകാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ കോർപ്പസ് ഫണ്ട് 103.41% ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly